എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വകുപ്പിലെ ജീവനക്കാർ

90 [3495] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുമ്പ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വകുപ്പിൽ എത്ര ജീവനക്കാർ ഉണ്ടായിരുന്നെന്നും നിലവിൽ എത്ര പേരുണ്ടെന്നും തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) വകുപ്പിലെ ജീവനക്കാരുടെ ജോലിഭാരം വർദ്ധിച്ചിട്ടുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു ലഘൂകരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത വകുപ്പിൽ നിലവിലുള്ള ജീവനക്കാർ അധികമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് പഠനം നടത്തിയത് എപ്രകാരമാണെന്നും ഏതെങ്കിലും ഏജൻസിയോ സമിതിയോ കമ്മിറ്റിയോ ആണോ പഠനം നടത്തിയത് എന്ന വിവരവും പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കാമോ;

(ഡി) ഈ വകുപ്പിൽ ഇപ്പോൾ എത്ര ഒഴിവുകളുണ്ടെന്നും എത്ര ഒഴിവുകളാണ് ഇതുവരെ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തതെന്നും വ്യക്തമാക്കാമോ;

(ഇ) പ്രമോഷൻ വഴി നികത്തേണ്ട ഒഴിവുകൾ എത്രയുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുൻപ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വകുപ്പിൽ ഉണ്ടായിരുന്ന ജീവനക്കാരുടെ എണ്ണവും നിലവിലുള്ള ജീവനക്കാരുടെ എണ്ണവും തസ്തിക തിരിച്ച് അനുബന്ധമായി (1) കൊടുത്തിരിക്കുന്നു.†

(ബി) കമ്പ്യൂട്ടർവത്ക്കരണം പൂർത്തിയാകുമ്പോൾ വകുപ്പിൽ ഇപ്പോഴുള്ള ജോലിഭാരം ലഘൂകരിക്കപ്പെടും.

(സി) എംപ്ലോയ്മെന്റ് വകുപ്പിൽ നിലവിലുണ്ടായിരുന്ന ജീവനക്കാർ അധികമാണെന്ന് 16-1-2002-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 56/02/ഫിൻ. പ്രകാരം രൂപീകൃതമായ കമ്മിറ്റി കണ്ടെത്തിയിരുന്നു. ഇത് സംബന്ധിച്ച് പഠനം നടത്തിയതും അധിക തസ്തികകൾ കണ്ടെത്തിയതും ടി കമ്മിറ്റിയാണ്.

(ഡി) ഈ വകുപ്പിൽ ഇപ്പോൾ നിലവിലുള്ള ഒഴിവുകളുടേയും പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തതിന്റെയും വിവരം ഇപ്രകാരമാണ്.

1.	എൽ. ഡി. ക്ലാർക്ക്	.. 15
	പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തത്	.. 4

† അനുബന്ധം VII കാണുക.

LIBRARY ARCHIVES Kerala Legislative Assembly

2.	എൽ. ഡി. ടൈപ്പിസ്റ്റ്	..	11
	പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.		
3.	ക്ലാർക്ക്, ടൈപ്പിസ്റ്റ്	..	3
	പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തത്	..	1
4.	പ്യൂൺ/വാച്ച്മാൻ	..	27
	പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തത്	..	9

(ഇ) പ്രമോഷൻ വഴി നികത്തേണ്ട ഒഴിവുകൾ:

1.	എംപ്ലോയ്മെന്റ് ജോയിന്റ് ഡയറക്ടർ	..	1
2.	ഡെപ്യൂട്ടി ഡയറക്ടർ (സ്പെഷ്യൽ സെൽ ഫോർ എസ്. സി./എസ്. റ്റി.)	..	1
3.	സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് ഓഫീസർ	..	2
4.	സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർ	..	3
5.	എംപ്ലോയ്മെന്റ് ഓഫീസർ	..	6
6.	ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ	..	4
7.	ജൂനിയർ എംപ്ലോയ്മെന്റ് ഓഫീസർ	..	1
8.	പരിഭാഷകൻ	..	1
9.	യു. ഡി. ക്ലാർക്ക്	..	15

അനർഹർ തൊഴിലില്ലായ്മാവേതനം കൈപ്പറ്റുന്നത് ഒഴിവാക്കാൻ നടപടി

91 [3496] ശ്രീ. യു. സി. രാമൻ:
„ വി. കെ. ഇബ്രാഹിം കുഞ്ഞ്:
„ പി. കെ. അബ്ദുറബ്ബ്:
„ പി. കെ. കെ. ബാവ:
„ സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിവും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനർഹരായിട്ടുള്ളവർ തൊഴിൽരഹിത വേതനം കൈപ്പറ്റുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അർഹരായ പല തൊഴിൽരഹിതർക്കും തൊഴിലില്ലായ്മവേതനം ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly